**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. വരുമാന വർദ്ധനവിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം മുകേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സഹായം ആശ്രയിക്കാതെ ശമ്പളം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് തനത് വരുമാനത്തിൽനിന്നും കണ്ടെത്തുകയെന്ന ഉദ്ദേശത്തോടെ കിഫ്ബിയിൽ നിന്നുള്ള തുകയും പദ്ധതി വിഹിതവും വിനിയോഗിച്ച് പുതിയ ബസുകൾ നിരത്തിലിറക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | KIIFB ആദ്യഘട്ട ധനസഹായമായ 359 കോടി രൂപയിൽ നിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുകയും, ടി ബസുകൾ KSRTC തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസുകൾക്ക് ഉപയോഗിച്ചു വരികയും ചെയ്യുന്നു. ടി തുകയുടെ ബാക്കി തുകയിൽ നിന്നും 170 ഇലക്ട്രിക് ബസുകളും 262 ഡീസൽ ബസ്സുകളും വാങ്ങുന്നതിനുള്ള പദ്ധതിരേഖ കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ, KIIFB രണ്ടാംഘട്ട ധന സഹായമായ 455 കോടി രൂപ ഉപയോഗിച്ച് 225 ഇലക്ട്രിക് ബസുകളും 285 ഡീസൽ ബസുകളും വാങ്ങുന്നതിനുള്ള പദ്ധതി രേഖയും കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ധന വിതരണ ഔട്ട്ലെറ്റ് ശൃംഖലയാകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽ മുടക്കില്ലാതെ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും വിവിധ ഡിപ്പോകളിലായി ഇതുവരെ 13 ഇന്ധന വിതരണ റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ധന വിതരണ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖലയാകാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ പൊൻകുന്നം, പെരുമ്പാവൂർ എന്നീ ഡിപ്പോകളിൽ കൂടി ഫ്യൂവൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇപ്രകാരം സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി ഘട്ടം |

| | | | |
|---|---|---|---|
| | | | ഘട്ടമായി 75 ഇന്ധന ചില്ലറ വില്പന ശാലകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധന വിതരണ രംഗത്തും കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസിനെ ഒരു പ്രമുഖ ഇന്ധന വിതരണ ശൃംഖലയായി വളർത്തിയെടുക്കുകയാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ